പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 902

08/03/2012 ൽ മറുപടിക്ക്

## പാചകവാതക സിലിണ്ടർ ദൗർലഭ്യം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് | ശ്രീ.ഷിബുബേബിജോൺ (തൊഴിലും പുനരധിവാസവും ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) പാചക വാതക സിലിണ്ടർ ബുക്ക് ചെയ്ത് 21 ദിവസത്തിനകം ലഭ്യമാക്കണമെന്ന വ്യവസ്ഥ പല ഗ്യാസ് ഏജൻസികളും പാലിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.ബുക്കു ചെയ്ത് 48 മണിക്കൂറിനകം സിലിണ്ടർ നൽകുവാൻ എല്ലാ എണ്ണക്കമ്പനികളും ശ്രമിക്കുന്നുണ്ടെങ്കിലും 2012 ജനുവരി മാസത്തിലുണ്ടായ എൽ.പി.ജി. ട്രാൻസ്പോർട്ട് ഓപ്പറേറ്റർമാരുടെ സമരം മൂലം വിതരണം തടസ്സപ്പെടുകയും നിലവിൽ backlog ഉണ്ടാകുകയും ചെയ്തിട്ടുണ്ട് എന്ന് ഓയിൽ കമ്പനികളുടെ സംസ്ഥാന തല കോ-ഓർഡി നേറ്റർ അറിയിച്ചിട്ടുണ്ട്. |
| (ബി) ഇതിനെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) ഇടയ്ക്കിടെ ഉണ്ടാകുന്ന സമരങ്ങൾ ഒത്തുതീർപ്പാക്കി ബാക്ക്ലോഗ് ഒഴിവാക്കാൻ ഓയിൽ കമ്പനികൾ ശ്രമിക്കുന്നുണ്ടെന്ന് സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. ഗ്യാസ് ഏജൻസി തലത്തിലാണ് വിതരണത്തിന് കാലതാമസം ഉണ്ടാകുന്നതെങ്കിൽ, ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേരുന്ന എൽ.പി.ജി അദാലത്തുകളിൽ പ്രസ്തുത ഏജൻസികൾക്ക് നേരിട്ട് നിർദ്ദേശം നൽകുകയും, എന്നാൽ നിർദ്ദേശം പാലിക്കാത്ത ഏജൻസികൾക്കെതിരെ ശിക്ഷാ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ജില്ല കളക്ടർ രൂപീകരിച്ച മോണിറ്ററിംഗ് സമിതികൾ സിലിണ്ടർ പൂഴ്ത്തി വെയ്പ്പിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (സി) | ജില്ലകളക്ടറുടെ നേതൃത്വത്തിലുള്ള മോണിറ്ററിംഗ് സമിതികളുടെ നേതൃത്വത്തിൽ ഗ്യാസ് ഏജൻസികൾ, ഹോട്ടലുകൾ തുടങ്ങിയവ പരിശോധിച്ച് ക്രമക്കേടുകൾക്ക് പിഴ ഉൾപ്പെടെയുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | മോണറ്ററിംഗ് സമിതിയുടെ ഇടപെടൽ കാര്യക്ഷമമാക്കുന്നതിന് ഇനിയും എന്തെല്ലാം നടപടികളാണ്സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കു-മോ ? | (ഡി) | ഗ്യാസ് ഏജൻസി തലത്തിൽ എൽ.പി.ജി. സോഷ്യൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കൂടാതെ ഗ്യാസ് ഏജൻസികളിൽ കൂടുതൽ പരിശോധന നടത്തുവാനും, കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ ഓപ്പൺ ഫോറ-ങ്ങൾ ചേർന്നു കൊണ്ട് എൽ.പി.ജി വിതരണം കാര്യക്ഷമമാക്കുവാനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ